compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 11
**Tuesday, 11th August 2026**

1201 കർക്കടകം 26
**26th Karkadakam 1201**

1948 ശ്രാവണം 20
**20th Sravana 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** **32**

## Part III

## Agriculture Development and Farmers Welfare

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ദർഘാസ് പരസ്യം

നമ്പർ ADFW/8494/2026-TG3. 2026 ആഗസ്റ്റ് 7.

2026 ആഗസ്റ്റ് 30-ന് സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണം വാരാഘോഷത്തിന്റെ സമാപനത്തിന്റെ ഭാഗമായുള്ള ഘോഷയാത്രയിൽ പ്രദർശിപ്പിക്കാനായി 'കൃഷിയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോഗിക്കുന്നത് സംബന്ധിച്ച ഫ്ളോട്ട് തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഫ്ളോട്ട് തയ്യാറാക്കാൻ താൽപര്യമുള്ള ശില്പികളിൽ/കലാകാരൻമാരിൽ നിന്നും ദർഘാസ് ക്ഷണിക്കുന്നു. ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡ് & പ്രൈസ് ബിഡ്) മാതൃകയിലാണ് ദർഘാസുകൾ സ്വീകരിക്കുന്നത്. പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാനത്തിലുള്ള ഫ്ളോട്ട് ഡിസൈനിന്റെ വിശദമായ 2 ഡി ഡ്രോയിംഗും, സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളുമാണ് ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടത്. പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും അതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റി തിരഞ്ഞെടുക്കുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിട്ടുള്ള 2 ഡി ഡ്രോയിംഗിന്റെ സാങ്കേതിക മികവും ഗുണമേൻമയും ആകർഷണീയതയും കൂടാതെ കരാറുകാരന്റെ മുൻപരിചയവും വിലയിരുത്തിയായിരിക്കും കരാറുകാരെ തിരഞ്ഞെടുക്കുന്നത്.

അടങ്കൽ തുക (എല്ലാ നികുതികളും ഉൾപ്പെടെ)—₹ 5,00,000.

നിരതദ്രവ്യം(EMD)—₹5,000 (കൃഷി ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്).

ദർഘാസ് ഫോറത്തിന്റെ വില :

അസ്സൽ—₹ 1,000 + ജി. എസ്. റ്റി. (12%).

ഡ്യൂപ്ലിക്കേറ്റ്—₹ 500 + ജി. എസ്. റ്റി. (12%).

ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന തീയതിയും സമയവും—13-8-2026, 11 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—13-8-2026, 2 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—13-8-2026, 5 മണി.

### കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ സർക്കാർ വകുപ്പുകൾക്കുവേണ്ടി ഫ്ളോട്ടുകൾ/പവലിയനുകൾ/സ്റ്റാളുകൾ ഒരുക്കി പരിചയം ഉള്ള ആളായിരിക്കണം. പ്രസ്തുത ജോലികൾ കേരള സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി ചെയ്തതായിരിക്കണം. മേൽ സൂചിപ്പിച്ച ജോലികളുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലുമോ എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

### ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ടെക്നിക്കൽ ബിഡിൽ കരാറുകാരൻ മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾക്കുള്ള ആധികാരികത പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ മുൻപരിചയം തെളിയിക്കുന്ന രേഖകളും ആവശ്യമാണെങ്കിൽ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. കരാറുകാരൻ ടെക്നിക്കൽ ബിഡിനൊപ്പം ഫ്ളോട്ടിന്റെ ഡിസൈനും ലേ ഔട്ടും ഉള്ള വിശദമായ 2ഡി ഡ്രോയിംഗ് സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ടിയാന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് ഫ്ളോട്ട് വളരെ ആകർഷകവും വിജ്ഞാനപ്രദവുമായ രീതിയിൽ ആവശ്യമായ പ്രകാശ ശബ്ദ സംവിധാനത്തോടെ ഒരുക്കേണ്ടതാണ്. പ്രസ്തുത ഫ്ളോട്ട് കൂടുതൽ ആകർഷകവും ആശയ സമ്പുഷ്ടവും സമ്മാനാർഹവുമായ രീതിയിൽ ഒരുക്കാൻ കരാറുകാരൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. ഫ്ളോട്ട് ഡിസൈന് ആവശ്യമായ ലോഗോയും മറ്റ് വിവരങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നൽകുന്നതാണ്. എന്നാൽ കരാറുകാരൻ ഫ്ളോട്ട് ഡിസൈനിംഗിനായി കൂടുതൽ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതും ആയത് കൃഷി ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്.

4. കരാറുകാരൻ സമർപ്പിക്കുന്ന 2ഡി ഡ്രോയിംഗിൽ 3ഡി മോഡലുകൾ ഉൾപ്പെടുത്തുന്ന സ്ഥലങ്ങൾ പ്രത്യേകം മാർക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.

5. ഇ.എം.ഡി. തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ടെക്നിക്കൽ ബിഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഫിനാൻഷ്യൽ ബിഡിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന ടെൻഡർ ഫോമിൽ എല്ലാ പേജിലും ഒപ്പുവെയ്ക്കേണ്ടതും പൂർണ്ണമായും പൂരിപ്പിക്കേണ്ടതുമാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയായിരിക്കണം ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. ടി തുകയ്ക്ക് പുറമെ അധികമായി മറ്റൊരു നികുതികളും ഉൾപ്പെടുത്താൻ പാടില്ല.

**കൃഷി വകുപ്പ് ഓണം ഫ്ളോട്ട് നിർമ്മാണ വ്യവസ്ഥകൾ**

1. കൃഷി ഡയറക്ടറുടെ കാര്യാലയം നൽകുന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം ഫ്ളോട്ടിന്റെ രൂപം. ഫ്ളോട്ട് സജ്ജീകരിക്കുന്നതിനാവശ്യമായ എല്ലാ സാധനസാമഗ്രിയും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും സജ്ജീകരിക്കേണ്ടതാണ്. (ചെടികൾ ഉൾപ്പെടെ).

2. മിനി ലോറിയിൽ സജ്ജീകരിച്ച് നിർദ്ദിഷ്ട സമയത്ത് റാലിയിൽ പങ്കെടുക്കത്തക്കവിധം ആയതിന്റെ അനുബന്ധ ചെലവുകൾ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ഫ്ളോട്ടിന്റെ നീളം 20 അടി, ഉയരം 15 അടി, വീതി 10 അടി എന്ന ക്രമത്തിൽ കവിയരുത്.

3. ഈ രൂപം തയ്യാറാക്കുന്നതിലേക്ക് ഇരുമ്പു ചട്ടക്കൂടിൽ മുള പായ്, കടലാസ്, തുണി, സ്ക്വയർ ട്യൂബ്, സ്റ്റീൽ, 6 എം. എം. റോഡ്, ഫോം എന്നിവ ഉപയോഗിക്കാം. പരമാവധി പ്രകൃതിദത്ത ഉത്പ്പന്നങ്ങൾ ഉപയോഗിക്കണം. ഇതിൽ ഉൾപ്പെടാത്ത ഏതെങ്കിലും വസ്തുക്കൾ ഉപയോഗിക്കണമെങ്കിൽ കൃഷി ഡയറക്ടറേറ്റിലെ സംസ്ഥാന കാർഷിക എഞ്ചിനീയറുമായി ബന്ധപ്പെട്ട് അനുമതി വാങ്ങണം. തയ്യാറാക്കുന്ന രൂപത്തിന് മിനുസമുള്ള പ്രതലത്തിൽ ഇനാമൽ പെയിന്റ് ഉപയോഗിച്ച് നിറം നൽകേണ്ടതുമാണ്.

4. ഫ്ളോട്ടിനുള്ളിൽ കൃഷി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നൽകുന്ന മാതൃകയനുസരിച്ച് 3D/2D ആനിമേഷൻ രൂപങ്ങൾ ഫ്ളോട്ടിനുള്ളിൽ സജ്ജീകരിക്കേണ്ടതാണ്. ഈ പ്രവൃത്തികൾ നിശ്ചിത ദിവസത്തിന് ഒരു ദിവസം മുമ്പ് അനുവദിക്കപ്പെട്ട സ്ഥലത്ത് പൂർത്തിയാക്കേണ്ടതും, നിർദ്ദേശിക്കപ്പെടുന്ന ഭേദഗതികൾ തുടർന്ന് താമസംവിനാ പൂർത്തിയാക്കേണ്ടതുമാണ്.

5. വാഹനത്തിൽ ദൃശ്യ/ശ്രവ്യ സംവിധാനങ്ങൾ അനുയോജ്യമായ സ്ഥലത്ത് സജ്ജീകരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ഫ്ളോട്ടിനുള്ളിൽ മതിയായ വെളിച്ച സംവിധാനവും ശബ്ദസംവിധാനവും നൽകേണ്ടതാണ്. മഴയുടെ സാധ്യതയുള്ള സാഹചര്യത്തിൽ ഈ ഫ്ളോട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ആകാരത്തിനും ഭംഗിക്കും കോട്ടം സംഭവിക്കാൻ പാടില്ല. കൂടാതെ ഫ്ളോട്ടിനുള്ളിൽ വശങ്ങളിലും ആവശ്യമായ ദീപ സംവിധാനം ചെയ്യേണ്ടതാണ്.

7. സാൽവേഷൻ ആർമി, ടാഗോർ തീയേറ്റർ, മാനവീയം വീഥി എന്നീ അംഗീകൃത സ്ഥലങ്ങളിൽ നിന്നും നിർദ്ദേശാനുസരണം പുറപ്പെടത്തക്കരീതിയിൽ അന്നേദിവസം രാവിലെ 10 മണിക്ക് മുൻപ് അലങ്കാരം മുഴുവൻ പൂർത്തിയാക്കേണ്ടതാണ്.

8. കൃഷിവകുപ്പിന്റെ സന്ദേശം രേഖപ്പെടുത്തി പ്രിന്റ് ചെയ്ത് (ലോഗോകൾ ഉൾപ്പെടെ) വാഹനത്തിന്റെ വശങ്ങളും പിൻഭാഗവും മറയ്ക്കേണ്ടതാണ്.

9. ഫ്ളോട്ടിനെ സംബന്ധിച്ച് ഓണാഘോഷം 2026 പേജന്ററി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

10. ഫ്ളോട്ടുമായി ബന്ധപ്പെട്ട എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിലായിരിക്കും പൂർത്തിയാക്കേണ്ടത്.

11. ഫ്ളോട്ട് തയ്യാറാക്കുന്ന അവസരത്തിൽ വാഹനത്തിനു പിന്നിൽ എക്സ്റ്റെൻഷൻ ആവശ്യമായി വരുന്നപക്ഷം ആയത് ഇരുമ്പ് പൈപ്പ് ഉപയോഗിച്ച് ചെയ്യേണ്ടതാണ് (തടിയോ മുളയോ ഉപയോഗിക്കാൻ പാടില്ല).

12. ഫ്ളോട്ട് ഘോഷയാത്ര നടക്കുന്ന അവസരത്തിൽ ഫ്ളോട്ടിന്റെ ആകർഷണീയതയും ഭംഗിയും വർദ്ധിപ്പിക്കുന്നതിനായി കൃഷി ഡയറക്ടർ നൽകുന്ന നിർദ്ദേശങ്ങളും ഭേദഗതികളും വരുത്താൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം കരാർ തുകയിൽ ആനുപാതികമായി കുറവ് വരുത്തുന്നതായിരിക്കും.

13. വാഹനത്തിനുള്ളിൽ മികച്ച രീതിയിൽ ഓഡിയോ സംവിധാനം ഉണ്ടാകുകയും കൃഷി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

14. വർക്ക് ഓർഡർ ലഭിച്ചുകഴിഞ്ഞ് ഫ്ളോട്ടിന്റെ വർക്ക് ആരംഭിച്ചുകഴിഞ്ഞാൽ ആയത് സംബന്ധിച്ച പുരോഗതി ഓരോ ഘട്ടത്തിലും സംസ്ഥാന കാർഷിക എഞ്ചിനീയറുമായി ഫോൺ മുഖേനയോ മെയിൽ മുഖാന്തിരമോ അറിയിക്കേണ്ടതാണ്.

15. ഫ്ളോട്ടിനുള്ളിൽ സജ്ജീകരിക്കുന്നതിനായുള്ള പച്ചക്കറികൾ (യഥാർത്ഥത്തിൽ ഉള്ളവ, ഞാറ് രൂപത്തിലുള്ളതും കൊയ്യാൻ പാകത്തിലുള്ളതും) സ്വന്തം ചെലവിൽ ലഭ്യമാക്കി ഫ്ളോട്ടിനുള്ളിൽ സജ്ജീകരിക്കേണ്ടതാണ്.

16. ഈ ആഫീസിൽ നിന്ന് നൽകുന്ന ക്യാപ്ഷനുകളും ലോഗോകളും കൃഷി ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഫ്ളോട്ടിൽ പ്രദർശിപ്പിക്കേണ്ടതാണ്.

17. ഫ്ളോട്ടിന്റെ നിർമ്മാണത്തിൽ സർക്കാർ, നഗരസഭ എന്നിവയുടെ നിർദ്ദേശം അനുസരിച്ചുള്ള ഗ്രീൻ പ്രോട്ടോക്കോൾ സമ്പ്രദായം കർശനമായി പാലിക്കേണ്ടതാണ്.

18. ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലും ആയതിൽ ഭേദഗതി വരുത്തുന്നതിനും റദ്ദുചെയ്യുന്നതിനും കൃഷി ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കും.

ഇതിന്റെ വിശദാംശങ്ങൾക്കായി കൃഷി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് വിളിക്കാവുന്നതാണ്.
ഫോൺ നമ്പർ 995082872/0471-2306748.

Directorate of Agriculture
Development and Farmers'
Welfare Department,
Thiruvananthapuram-695 033.

Dr. Sriram Venkitaraman, IAS,
*Director.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ ADFW/SGC/MNDR (MLM)/216/2026-C(2). 2026 ആഗസ്റ്റ് 3.

കേരള സർക്കാർ—കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്—മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ വിവിധ ബ്ലോക്കുകളിലെ കൃഷിയിടങ്ങളിൽ 2026-27 വർഷത്തിൽ വളം ചെയ്യുന്നതിനും ജൈവവളക്കൂട്ട് ഉണ്ടാക്കുന്നതിനുമായി 35 ടൺ ചാണകപ്പൊടി ടെണ്ടർ വ്യവസ്ഥയിൽ വിതരണം ചെയ്യാൻ താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ നൽകുവാൻ വ്യക്തികൾ/സ്ഥാപനങ്ങൾ ടെണ്ടർ ഫോമിനുള്ള അപേക്ഷയും ചുവടെ ചേർക്കുംപ്രകാരം ടെണ്ടർ ഫോമിനുള്ള GST ഉൾപ്പെടെയുള്ള തുകയുമടക്കം സ്ഥാപനമേധാവിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് പ്രത്യേക നിബന്ധനകൾ പ്രസ്താവിച്ചിട്ടുള്ള ടെണ്ടർ ഫോറം ലഭിക്കുന്നതാണ്. ടെണ്ടർ ഫോമുകൾ 22-8-2026 തീയതി രാവിലെ 10 മണി മുതൽ 17-10-2026 തീയതി രാവിലെ 11 മണിവരെ വിതരണം ചെയ്യുന്നതാണ്. ടെണ്ടർ ഫോറം കിട്ടാനുള്ള തുക മുണ്ടേരി ഫാമിൽ നേരിട്ട് അടവാക്കാവുന്നതോ അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടർ, വിത്തുകൃഷിത്തോട്ടം, മുണ്ടേരി പി. ഒ., മലപ്പുറം ജില്ല, പിൻ–679 334 എന്ന വിലാസത്തിൽ മണിയോർഡറായും സ്വീകരിക്കുന്നതാണ് (ചെക്ക്, പോസ്റ്റൽ ഓർഡർ, ബാങ്ക് ഡ്രാഫ്റ്റ് മുതലായവ സ്വീകരിക്കുന്നതല്ല). ടെണ്ടർ ഫോമിൽ സൂചിപ്പിക്കുന്ന നിരക്ക് എല്ലാ താരിഫുകളും, നികുതികളും ഉൾപ്പെടെയുള്ളതായിരിക്കണം.

ഏകദേശ അടങ്കൽ തുക—₹ 5,00,000.

ടെണ്ടർ ഫോമിന്റെ വില:

ഒറിജിനൽ—₹ 1,000+GST 9%+SGST 9% ( ₹ 1,000+90+90= ₹ 1,180)

ഡ്യൂപ്ലിക്കേറ്റ്—₹ 500+GST 9%+SGST 9% ( ₹ 500+45+45= ₹ 590)

ടെണ്ടർ ഫോമിന്റെ വിൽപ്പന—22-8-2026 തീയതി രാവിലെ 10 മണി മുതൽ 17-10-2026 തീയതി രാവിലെ 11 മണി വരെ.

പൂരിപ്പിച്ച ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—17-10-2026 പകൽ 11 മണി.

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും—17-10-2026 ഉച്ചയ്ക്കുശേഷം 2.30 മണി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

### പ്രത്യേക നിബന്ധനകൾ

1. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, വിത്തുകൃഷിത്തോട്ടം, മുണ്ടേരി പി. ഒ., മലപ്പുറം ജില്ല, പിൻ-679 334 എന്ന വിലാസത്തിൽ മുദ്രവച്ച കവറുകളിലായിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്. കവറിനു പുറത്ത് ADFW/SGC/MNDR(MLM)/216/2026-C(2) തീയതി 3-8-2026 പ്രകാരം ചാണകപ്പൊടി വിതരണം നടത്തുന്നതിനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ 17-10-2026 തീയതി പകൽ 11 മണിവരെ സ്വീകരിക്കുന്നതും അന്നുതന്നെ ഉച്ചയ്ക്കുശേഷം 2.30 മണിക്ക് സന്നിധരായവരുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതാണ്. ടെലഗ്രാഫ്/ഇ-മെയിൽ ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. സമയപരിധിക്ക് ശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.

2. ടെണ്ടറിനോടൊപ്പം ₹ 10,000 (പതിനായിരം രൂപ) മോ അല്ലെങ്കിൽ ടെണ്ടറിൽ കാണിക്കുന്ന തുകയുടെ 2.5%-മോ ഏതാണോ അധിക തുക EMD ആയി ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്. ടി ഡിമാന്റ് ഡ്രാഫ്റ്റ് Deputy Director, Seed Garden Complex, Munderi P. O., Malappuram, Kerala, Pin-679 334 എന്ന വിലാസത്തിലും SBI എടക്കര ശാഖയിൽ മാറാവുന്നതും ആയിരിക്കണം. EMD ആയി ചെക്കോ, പണമോ സ്വീകരിക്കുന്നതല്ല. ടെണ്ടർ ഫോറത്തിലുള്ള ധാരണപത്രം കേരള സർക്കാരിന്റെ ₹ 200 വിലയുള്ള മുദ്രപത്രത്തിൽ ടൈപ്പ് ചെയ്ത് ടെണ്ടറിനോടൊപ്പം സമർപ്പിക്കാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

3. ടെണ്ടർ തുറക്കുന്ന തീയതി പ്രത്യേക സാഹചര്യത്തിൽ സർക്കാർ സ്ഥാപനങ്ങൾക്ക് സർക്കാർ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ മറ്റു അറിയിപ്പുകളൊന്നും ഇല്ലാതെ തന്നെ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4. ടെണ്ടർ നിയമങ്ങൾ/നിബന്ധനകൾ/നിർദ്ദേശങ്ങൾ എതെങ്കിലും തരത്തിൽ ലംഘിക്കുകയാണെങ്കിൽ വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ടെണ്ടറുകൾ അസാധുവാക്കുന്നതായിരിക്കുന്നതാണ്.

5. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസവും ഈ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. സർക്കാർ ടെണ്ടറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

6. ടി ടെണ്ടർ കരാറിന്റെ കാലാവധി 31-3-2027 തീയതി വരെ ആയിരിക്കും. പ്രത്യേകിച്ച് കാരണങ്ങൾ കാണിക്കാതെ തന്നെ ടെണ്ടർ മുഴുവനായോ ഭാഗികമായോ സ്വീകരിക്കുവാനോ, തിരസ്ക്കരിക്കുവാനോ ഉള്ള പൂർണ്ണ അധികാരം ഫാം ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

7. ചാണകപ്പൊടിയുടെ ഗുണനിലവാരം ഫാം ഡെപ്യൂട്ടി ഡയറക്ടർ നിർദേശിക്കുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് വിലയിരുത്തിയതിന് ശേഷമേ ടി ടെണ്ടറിന് അംഗീകാരം നൽകുകയുള്ളൂ.

ചാണകപ്പൊടി വാങ്ങുന്നതിനുള്ള ടെണ്ടറിന് വകുപ്പ് മേധാവിയിൽ നിന്നും അംഗീകാരം ലഭിച്ചതായി അറിയിപ്പ് ലഭിച്ചുകഴിഞ്ഞാൽ ടെണ്ടർ ലഭിച്ച വ്യക്തി/സ്ഥാപനത്തിന് ഈ ഓഫീസിൽ നിന്നും വിതരണം നടത്തേണ്ട വിവരം അറിയിക്കുന്ന മുറയ്ക്ക് ചാണകപ്പൊടി സ്വന്തം ചിലവിൽ ഫാം ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിച്ച് തരേണ്ടതാണ്.

8. മേൽ പ്രകാരം അറിയിക്കുന്ന മുറയ്ക്ക് ചാണകപ്പൊടി വിതരണം നടത്താത്തതിനെ തുടർന്ന് ഫാമിലെ പ്രവർത്തികൾക്ക് തടസം സംഭവിച്ചാൽ ആയത് പ്രകാരം ഫാമിനുണ്ടാകുന്ന നഷ്ടത്തിന് പൂർണ്ണ ഉത്തരവാദിത്വം ടെണ്ടർ ലഭിച്ച വ്യക്തി/സ്ഥാപനത്തിനായിരിയ്ക്കും. ആയത് പ്രകാരമുള്ള നഷ്ടപരിഹാര തുക ടി വ്യക്തി/സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതായിരിക്കും.

9. ചാണകപ്പൊടി വിതരണം നടത്തുന്നതിനായുള്ള ടെണ്ടറിൽ എല്ലാവിധ താരിഫുകളും നികുതികളും മറ്റും ഉൾപ്പെടെയുള്ള വിലയാണ് ടെണ്ടർ ഫോമിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടത്.

10. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ വിശ്വാസയോഗ്യമായ ടെണ്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി താൽക്കാലികമായി അംഗീകരിക്കുന്നതുമാണ്.

11. ടെണ്ടർ സംബന്ധിച്ച തർക്കങ്ങളിൽ അവസാന തീരുമാനം എടുക്കുന്നത് ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ആയിരിക്കും.

12. ടെണ്ടർ നിയമങ്ങൾ/നിബന്ധനകൾ/നിർദ്ദേശങ്ങൾ ഏതെങ്കിലും തരത്തിൽ സ്ഥാപനങ്ങൾ/വ്യക്തികൾ ലംഘിക്കുകയാണെങ്കിൽ സമർപ്പിക്കുന്ന ടെണ്ടർ സ്വീകരിക്കുകയില്ല.

13. ഫാമിലെ വിളകൾക്കോ, മറ്റു വസ്തുക്കൾക്കോ കേടുപാടുകളോ നാശനഷ്ടമോ വരുത്തുവാൻ പാടില്ല. അപ്രകാരം സംഭവിച്ചാൽ നഷ്ടപരിഹാരം ടെണ്ടർ ഉറപ്പിച്ച വ്യക്തി/സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതാണ്.

14. കാലാകാലങ്ങളിൽ സർക്കാർ ഏർപ്പെടുത്തുന്ന സാമ്പത്തിക ക്രമീകരണങ്ങളും മറ്റും കാരണം ചാണകപ്പൊടിയുടെ വില നൽകാൻ താമസം നേരിട്ടാൽ ആയതിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഓഫീസ് ഉത്തരവാദി ആയിരിക്കില്ല.

കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
വിത്ത് കൃഷിത്തോട്ടം, മുണ്ടേരി, (ഒപ്പ്)
മലപ്പുറം-679 334. ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.11 02:23:45 +05:30